# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1222

30.01.2018 ൽ മറുപടിക്ക്

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. ജി.സുധാകരൻ
(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പിൽ തന്നെ ഒരു വിഭാഗം രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, നിലവിൽ തിരുവനന്തപുരം ജില്ലയിലെ കാര്യവട്ടത്ത് പ്രവർത്തിക്കുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യമായ സംവിധാനങ്ങൾ ഉള്ളതാണ്. പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ വിംഗ് നിലവിലുണ്ട്. |
| (ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുറം കരാർ വഴി നടത്തുന്നത് മൂലമുണ്ടാകുന്ന പാഴ് ചെലവും സമയനഷ്ടവും ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന മറ്റ് നടപടികൾ വിശദമാക്കുമോ? | (ബി) ജോലിബാഹുല്യം വരുമ്പോൾ സമയബന്ധിതമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനുമായി ചില സാഹചര്യങ്ങളിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സ്വകാര്യ ഏജൻസികൾ വഴി നടപ്പിലാക്കാറുണ്ട്. ഇത് ഒഴിവാക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി ആവശ്യമുള്ള ലബോറട്ടറി സംവിധാനങ്ങളും ആയത് |

നിർവ്വഹിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കേണ്ടതും ആവശ്യമാണ്.

നിലവിൽ ക്വാളിറ്റി കൺട്രോൾ വിംഗിന് കീഴിലുള്ള ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് പൂർണ്ണമായും പ്രവർത്തനസജ്ജമാകാത്തതിനാൽ ഓപ്പൺ ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചാണ് ഏജൻസികളെ കണ്ടെത്തുന്നത്. സ.ഉ. (സാധാ) 1211/2017/പി.ഡബ്ല്യൂ.ഡി. തീയതി 11/08/2017 പ്രകാരം കാലതാമസം ഉണ്ടാകുന്ന സ്ഥാപനങ്ങൾക്ക് പെനാലിറ്റി ഈടാക്കാനുള്ള നിബന്ധന ടെണ്ടറിൽ ഉണ്ട്. ആവശ്യത്തിന് എഞ്ചിനീയർമാരും, ഇതര സാങ്കേതിക ജീവനക്കാരും, വാഹനങ്ങളും, മറ്റു സംവിധാനങ്ങളും കാലത്തിനനുസരിച്ച് ലഭ്യമാവുന്ന സാമ്പത്തികസംവിധാനം ഇന്ന് നിലവിൽ വന്നിട്ടില്ല . പഴയ സംവിധാനം തുടരുന്നു. ഇത് "പുതിയ കാലം പുതിയ നിർമ്മാണം" എന്ന കാഴ്ചപ്പാട് നടപ്പാക്കാൻ വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എങ്കിലും കാര്യങ്ങൾ നന്നായി നടത്താനാണ് ശ്രമം.

സെക്ഷൻ ഓഫീസർ